**അടിയന്തരപ്രമേയം**

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഇന്നൊരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. പ്രകോപനപരമായ മുദ്രാവാക്യങ്ങൾ ഉയർത്തി കണ്ണൂർ ജില്ലയിൽ ഭരണ കക്ഷിയിൽപ്പെട്ട ഒരു കൂട്ടം പ്രവർത്തകർ പ്രകടനം നടത്തിയ സംഭവം പറഞ്ഞുകൊണ്ടാണ് അടിയന്തരപ്രമേയം. ഒരു രാഷ്ട്രീയ പാർട്ടി പ്രാദേശികമായി നടത്തിയ ഒരു പ്രകടനത്തിന്റെ പേരിൽ അടിയന്തരപ്രമേയം കൊണ്ടുവരുന്ന സാഹചര്യം നിർഭാഗ്യകരമാണ്. അത് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ ഒരു രാഷ്ട്രീയ പാർട്ടി നടത്തിയ പ്രകടനമല്ല അത്. കോൺഗ്രസ്സിന്റെയും ലീഗിന്റെയും പ്രവർത്തകൻമാരെ കൊന്നുതള്ളുമെന്ന് പറഞ്ഞുകൊണ്ട് നടത്തിയ ഒരു പ്രകടനമാണ്. അതുപോലെതന്നെ അതുണ്ടാക്കുന്ന സംഘർഷം, ആ നാട്ടിലുണ്ടാക്കുന്ന പ്രതിസന്ധി, ജനങ്ങളിലുണ്ടാക്കുന്ന ഭയം, അതെല്ലാമാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഒരു സ്പെസിഫിക് ഇഷ്യൂവിനെ സംബന്ധിച്ച് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകാനുള്ള അധികാരം പ്രതിപക്ഷത്തിനുണ്ട്. ആ അധികാരമാണ് ഞങ്ങൾ

ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ജനങ്ങളിലുണ്ടായിരിക്കുന്ന ഭീതി, 'കൊന്നു തള്ളും' എന്ന് പറഞ്ഞു കൊണ്ട് മുന്നോട്ട് പോകുന്ന ഈ നടപടി ജനങ്ങളിൽ ഭയാശങ്കകളുണ്ടാക്കിയിട്ടുണ്ട്. ആ പ്രദേശത്ത് പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ആ പ്രദേശത്തിനടുത്തുള്ള എം.എൽ.എ. ആയ ശ്രീ. സണ്ണി ജോസഫ് ഈ നോട്ടീസ് നൽകിയിട്ടുള്ളത്. ദയവായി അങ്ങ് അതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇത് ഒരു റീസന്റ് ഇഷ്യൂ ആണെങ്കിൽ ഞങ്ങൾ ഉന്നയിച്ച വിഷയത്തിൽ ലോജിക്കുണ്ടെങ്കിൽ അനുവദിക്കുകയെന്നുള്ളതാണ്. ആ ഇഷ്യൂവിന്റെ മെറിറ്റിലേയ്ക്ക് കടക്കേണ്ടത് ഗവൺമെന്റാണ്. ദയവായി അങ്ങ് അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ പരിഗണനയിൽ വരുന്ന ഒരു വിഷയമായി ചെയറിന് ബോധ്യമായിട്ടില്ല. ഒരു കാരണവശാലും അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഒരു വിഷയമായി എനിക്ക് ബോധ്യപ്പെട്ടിട്ടില്ല. പ്രാദേശികമായ ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഒരു നോട്ടീസാണ്. ദയവായി നിങ്ങൾ വാശി പിടിക്കരുത്. മാത്രമല്ല ഇന്നേദിവസം പ്രത്യേകമായി സമ്മേളനം ചേരാൻ തീരുമാനിച്ചത്

ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൂടിയാണ്. ഏത് വിഷയവും അടിയന്തരപ്രമേയമല്ല. അത് ശരിയല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കെ ബഹുമാനപ്പെട്ട സ്പീക്കർ തുടർനടപടികളിലേയ്ക്ക് കടന്നതിനെത്തുടർന്ന് സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിന് ശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)